# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4032
# 12/11/2019 ലെ മറുപടിക്ക്

## പ്രവൃത്തികളുടെ ഭരണാനുമതി കാരിഓവർ ചെയ്യുന്നതിന് വ്യവസ്ഥ

| | ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ഒരു വർഷം ഒരു നിയോജകമണ്ഡലത്തിന് അനുവദിക്കുന്ന തുകയ്ക്കുള്ള പ്രവൃത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് വർഷങ്ങൾക്കകം നൽകേണ്ടതാണെന്ന വ്യവസ്ഥ നിലവിലുണ്ടോ; വ്യക്തമാക്കാമോ; | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ 12/12/2018 ലെ സ.ഉ(അ)നം.194/2018/ധന ഉത്തരവിലെ ഇനം 2 ൽ 'ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിന് അനുവദിക്കുന്ന തുകയ്ക്കുള്ള പ്രവൃത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ പുറപ്പെടുവിക്കേണ്ടതാണ്' എന്ന വ്യവസ്ഥ നിഷ്കർഷിച്ചിട്ടുണ്ട്. . ഈ ഉത്തരവ് 12/12/2018 മുതലാണ് പ്രാബല്യത്തിലുള്ളത്. ആയതിനാൽ എം.എൽ.എ എസ്.ഡി.എഫിൽ നിന്നും നിയോജകമണ്ഡലങ്ങൾക്ക് അനുവദിച്ച തുകയിൽ മുൻവർഷങ്ങളിലെ ബാക്കി തുക വിനിയോഗിക്കുവാൻ കഴിയാത്ത സാഹചര്യം ഇപ്പോൾ നിലവിലില്ല. മുൻ വർഷങ്ങളിലെ തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് 12/12/2018 ന് ശേഷം മേൽ പറഞ്ഞ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്. |
| (ബി) | എങ്കിൽ ഇത് കാരണം മുൻവർഷങ്ങളിലെ ബാക്കി തുക ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം എത്ര നിയോജകമണ്ഡലങ്ങളിലുണ്ടെന്നും ഉപയോഗിക്കാൻ കഴിയാത്ത തുക എത്രയാണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | |
| (സി) | മുൻവർഷങ്ങളിലെ ബാക്കി തുക കാരിഓവർ ചെയ്തു നടപ്പുവർഷവും തുടർന്നും പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാനുള്ള അനുവാദം നൽകുമോ എന്ന് അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ